# വിജ്ഞാനോത്സവം രണ്ടാം ഘട്ടം 2022-23

# യു.പി. വിഭാഗം

## 1.ഏകലോകം ഏകാരോഗ്യം




ഏകലോകം ഏകാരോഗ്യം എന്ന ആശയത്തെ കുറിച്ച് കുട്ടികൾ കേട്ടിട്ടുണ്ടോ ? കോവിഡിന് ശേഷം ലോകമാകെ ഈ ആശയം ശക്തമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മനുഷ്യരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രതിരോധപ്രവർത്തനങ്ങൾ കൊണ്ടോ മരുന്നു പ്രയോഗം കൊണ്ടോ ജന്തുജന്യരോഗനിയന്ത്രണം സാധ്യമല്ല. നമുക്ക്ചുറ്റും അധിവസിക്കുന്ന ജീവജാലങ്ങളുടെയും അവയുടെ ആവാസവ്യവസ്ഥയുടെയും ആരോഗ്യം സംരക്ഷിക്കേണ്ടത് ജന്തുജന്യ രോഗനിയന്ത്രണത്തിന് അനിവാര്യമാണ്. മനുഷ്യരുടെ ആരോഗ്യ സുരക്ഷിതത്വം എന്നത് പ്രകൃതിയുടെയും മറ്റ് ജീവജാലങ്ങളുടെയും ആരോഗ്യവുമായി ഇഴപിരിക്കാനാകാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഏകാരോഗ്യം എന്നതിന്റെ സത്ത. കൂടുതൽ കാര്യങ്ങൾ ആരോഗ്യപ്രവർത്തകരിൽ നിന്ന് ചോദിച്ച് മനസിലാക്കുക.

ഏകലോകം ഏകാരോഗ്യം എന്ന ഈ ആശയം അതിന്റെ അർത്ഥവ്യാപ്തി പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ജനമനസ്സുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞാലേ ഫലപ്രദമായ ഒരു ബോധവൽക്കരണം സാധ്യമാകുകയുള്ളൂ. അത് സാധ്യമാകണമെങ്കിൽ പ്രകൃതിയിലെ ഓരോ ഘടകവും തമ്മിലുള്ള പരസ്പരബന്ധം ബോധ്യപ്പെടുത്താൻ ആകണം.

ഓരോ ജീവജാലത്തിന്റെയും നിലനില്പിന് മറ്റ് ജീവജാലങ്ങൾ അനിവാര്യമാണെന്നും അവയൊക്കെ ആരോഗ്യത്തോടെ സഹവസിച്ചാലേ സുസ്ഥിരമായ ഒരു ലോകം സാധ്യാമാകൂ.... എന്നാണ് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടത്.

ഇതിന്, കേൾക്കുമ്പോൾ തന്നെ ആർക്കും ബോധ്യമാകുന്ന തരത്തിലുള്ള ഉദാഹരണങ്ങൾ കണ്ടെത്തണം. അതാണ് നിങ്ങൾ കണ്ടെത്തേണ്ട പ്രധാനപ്പെട്ട കാര്യം.

അത്തരം ഉദാഹരണങ്ങൾ കണ്ടെത്തി ഒരു പോസ്റ്റർ തയ്യാറാക്കുക. ഒരു ചാർട്ടിന്റെ നാലിലൊന്ന് വലിപ്പമാണ് പോസ്റ്ററിന് വേണ്ടത്. പോസ്റ്ററിന്റെ സവിശേഷതകൾ നന്നായി മനസിലാക്കണം.ഇതിനായി പലതരം പോസ്റ്ററുകൾ പരിശോധിക്കണം. (പോസ്റ്ററിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ തയ്യാറാക്കി വെക്കണം. ഓരോന്നും എവിടെ ?എങ്ങനെ ? ചേർക്കണമെന്ന് തീരുമാനിക്കണം.)

ഒന്നിലേറെ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ ഒന്നിലേറെ പോസ്റ്ററുകൾ ഉണ്ടാക്കാം. പഞ്ചായത്ത് വിജ്ഞാനോത്സവ കേന്ദ്രത്തിൽ പ്രദർശിപ്പിക്കാവുന്ന അത്തരം പോസ്റ്ററുകളുമായി എത്തുക.

## 2.പട്ടി കടിക്കുന്ന കേരളം.



മാധ്യമങ്ങളിൽ പട്ടിയാണ് താരം. നാടൊട്ടുക്കും നാട്ടുകാരെ മുഴുവൻ ഓടിച്ചിട്ട് കടിക്കുന്നു എന്നാണ് പട്ടികളെ കുറിച്ചുള്ള പരാതി. പട്ടികടി ഏറ്റ എത്ര പേരെ നിങ്ങൾക്ക് നേരിട്ടറിയാം?

നമുക്ക് നമ്മുടെ പ്രദേശത്തെ പട്ടി പ്രശ്നത്തെ പറ്റി ചെറിയൊരു പഠനം ആലോചിച്ചാലോ?
അപ്പോൾ - എന്തെല്ലാം വിവരങ്ങൾ നമുക്ക് ശേഖരിക്കേണ്ടി വരും?
നിങ്ങളുടെ  വാർഡിൽ മൊത്തം എത്ര കുടുംബങ്ങൾ ഉണ്ട് ?എന്ന വിവരം ശേഖരിക്കേണ്ടി വരും. വാർഡ് മെമ്പറോട് ചോദിച്ചാൽ അറിയാം.
വാർഡിന്റെ എല്ലാ ഭാഗത്തുനിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 30-40 വീട്ടുകാരുടെ അനുഭവങ്ങളാണ് ചോദിച്ചറിയേണ്ടത്. എന്തൊക്കെ ചോദിക്കണം?
സർവ്വേ നടത്തുന്ന വീട്ടിൽ ആർക്കെല്ലാം പട്ടിയുടെ ആക്രമണം നേരിട്ടിട്ടുണ്ട്?
ഉണ്ടെങ്കിൽ - വളർത്തുപട്ടിയിൽനിന്നാണോ, തെരുവ് പട്ടിയിൽ നിന്നാണോ കടിയേറ്റത്?
കടിയേറ്റത് എവിടെ വെച്ചാണ് ?  ആ പ്രദേശത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ അത് രേഖപ്പെടുത്തണം.
പട്ടിയുടെ കടിയേറ്റ തിയ്യതി, സമയം എന്നിവ ചോദിച്ചറിയണം.
കടിയേറ്റ ശരീര ഭാഗം ഏതാണ്?
പട്ടികൾ ഓടിപ്പിക്കൽ, പേടിപ്പിക്കൽ മുതലായ മറ്റു ആക്രമണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടോ?
എന്നിവയൊക്കെ പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്താം.
കടിയേറ്റിട്ടുണ്ടെങ്കിൽ വാക്സിൻ എടുത്തോ? ഇതിനുള്ള  പണം എങ്ങനെ കണ്ടെത്തി ? എന്നിവയും ചോദിക്കാം.
പട്ടിപ്പേടി കാരണം വീട്ടിൽ ആർക്കെങ്കിലും തൊഴിൽ /സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ ?
പട്ടിപ്പേടിമൂലം കുട്ടികൾക്ക് സഞ്ചാര സ്വാതന്ത്ര്യം നഷ്ടപ്പെടുന്നുണ്ടോ?
വീട്ടിൽ അരുമ മൃഗങ്ങളെ വളർത്തുന്നവർ - അവയ്ക്ക് തെരുവുനായ്ക്കൾ മൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോ? എന്ന കാര്യവും ചോദിക്കാം.
ഗൃഹനാഥന്റെയും വീട്ടിലെ മറ്റുള്ളവരുടെയും തൊഴിൽ എന്തെല്ലാമാണെന്ന് ചോദിക്കാം.
അവർ റോഡിലേക്ക് ഇറങ്ങുന്ന സമയം പ്രാധാന്യം ഉള്ളതല്ലേ? അപ്പോൾ ഈ ചോദ്യത്തിന് പ്രസക്തിയുണ്ട്.
വാഹനത്തിൽ പോകുന്നവരാണോ നടന്നു പോകുന്നവരാണോ പട്ടിയെ കൂടുതൽ പേടിക്കേണ്ടത്?

മുകളിൽ സൂചിപ്പിച്ചതുപോലുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ചോദ്യാവലി തയ്യാറാക്കണം. മുതിർന്നവരുടേയും അധ്യാപകരുടേയും കൂട്ടുകാരുടേയും സഹായം അതിനായി തേടാവുന്നതാണ്.  കിട്ടിയ ദത്തങ്ങൾ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി വിജ്ഞാനോത്സവ കേന്ദ്രങ്ങളിലേക്ക്  കൊണ്ടുവരണം. നാട്ടിൽ പട്ടിശല്യം വർദ്ധിച്ചുവരാനുള്ള പ്രധാന കാരണങ്ങൾ  റിപ്പോർട്ടിന്റെ ഭാഗമാക്കാൻ ശ്രദ്ധിക്കണം.

### 3.അമ്പമ്പോ! എന്തെല്ലാം ഭക്ഷണ വിഭവങ്ങളാ..

ചോറ്, സാമ്പാർ, അവിയൽ ,ഓലൻ, തോരൻ, പച്ചടി, കിച്ചടി, എരിശ്ശേരി, പുളിശ്ശേരി, പുളിയിഞ്ചി, മുളക് പച്ചടി, കാളൻ, മീൻ കറി, മീൻ പൊരിച്ചത്, മീൻ വറ്റിച്ചത്, മുളകിട്ടത്, പീര, പൊള്ളിച്ചത്.
ബിരിയാണി, നെയ്ച്ചോറ്, തേങ്ങാച്ചോറ്, മന്തി, കുഴിമന്തി,കബ്സ, ചിക്കൻ ഫ്രൈ, ചിക്കൻ കൊണ്ടാട്ടം, പെപ്പർ ചിക്കൻ, ജിഞ്ചർ ചിക്കൻ, ഇങ്ങനെ ഉച്ചയൂണിന് തീൻ മേശ നിറക്കാൻ പലതരം വിഭവങ്ങൾ..

ദോശ ചട്ണി, ഇഡ്ഡലി സാമ്പാർ, പുട്ട് കടല, പൂരി മസാല, അപ്പം സ്റ്റൂ , ഇടിയപ്പം, നൈസ് പത്തിരി ഇറച്ചിക്കറി, പൊറോട്ട ബീഫ്, പ്രഭാത ഭക്ഷണമേശ നിറക്കാൻ ഇനിയുമേറെ കൂട്ടുകാരെ കാണാം. ഇതിനു പുറമെ കഞ്ഞി, ചമ്മന്തി.. ഇടനേരച്ചായക്ക് കൂട്ടായി പരിപ്പുവട, പപ്പടവട, ഉഴുന്നു വട, നെയ്യപ്പം, ഉണ്ണിയപ്പം, ബോണ്ട, കായപ്പം, പഴം പൊരി, പഫ്സ്, കട്ലറ്റ്, ബർഗർ, സാൻവിച്ച്, തുടങ്ങി എണ്ണിയാൽ തീരാത്ത പലഹാരങ്ങൾ..

വായിൽ വെള്ളമൂറുന്നുണ്ടോ? ഇങ്ങനെ ഈ പട്ടിക നീട്ടാം. തീൻ മേശയിലിരുന്ന് തട്ടിവിടുമ്പോൾ ഈ വൈവിധ്യങ്ങളെ കുറിച്ച് ആലോചിക്കാറുണ്ടോ ? ഇല്ല അല്ലേ? എങ്കിൽ നമുക്കൊന്ന് ആലോചിച്ചാലോ? പഠിച്ചാലോ?

നമ്മുടെ നാട്ടിൽ ഇപ്പോൾ പ്രചാരത്തിലുള്ളതും ഉണ്ടായിരുന്നതുമായ ഭക്ഷണ വിഭവങ്ങൾ പട്ടികപ്പെടുത്തണം. പട്ടികപ്പെടുത്തണമെങ്കിൽ അന്വേഷിക്കണം. വീട്ടുകാരോടും നാട്ടുകാരോടും കൂട്ടുകാരോടും പാചകക്കാരോടും എല്ലാം അന്വേഷിക്കാം. അധ്യാപകരുടേയും രക്ഷിതാക്കളുടേയും കോളേജിൽ പഠിക്കുന്ന ചേച്ചിമാരുടേയും ചേട്ടൻ മാരുടേയും ഒക്കെ സഹായം തേടാം

- കേരളത്തിൽ പണ്ടേ പ്രചാരത്തിലിരുന്ന ഭക്ഷണ വിഭവങ്ങൾ ?
- പുതിയ കാലം പരിചയപ്പെടുത്തിയ വിഭവങ്ങൾ?
- അവ നമ്മുടെ നാട്ടുകാർ തന്നെ കണ്ടെത്തിയതാണോ ?അതോ വേറെ ഏതെങ്കിലും നാട്ടിൽ നിന്നും വന്നതാണോ?
- വരാനുണ്ടായ കാരണങ്ങൾ എന്തൊക്കെയായിരിക്കും?
- ഈ വിഭവങ്ങൾ ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ എന്തൊക്കെയാണ്?
- എന്തെല്ലാം മാറ്റങ്ങളാണ് നമ്മുടെ ഭക്ഷണ രീതിയിൽ വന്നത് ?

തുടങ്ങി വിശദമായി അന്വേഷിച്ച് ഒരു നല്ല റിപ്പോർട്ട് തയ്യാറാക്കണം. ആവശ്യമായ പട്ടികകൾ, നിങ്ങൾ സംസാരിച്ച വ്യക്തിയുടെ പ്രതികരണങ്ങൾ, വായിച്ച പുസ്തകങ്ങൾ എല്ലാം റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. എന്താ തയ്യാറാണോ? എങ്കിൽ തുടങ്ങിക്കോളൂ...

**മുകളിൽ നൽകിയിട്ടുള്ള മൂന്ന് പ്രവർത്തനങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പ്രവർത്തനം മാത്രം ചെയ്യുക.**